# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4851 05.02.2014-ൽ മറുപടിയ്ക്ക്

**2012 -ലെ കേരള പഞ്ചായത്ത് രാജ്(ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ മാറ്റം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.എൻ.പ്രതാപൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) 2012 -ലെ കേരള പഞ്ചായത്ത് രാജ്(ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം 15 കോഴികളെ വളർത്താൻ ചുരുങ്ങിയത് ഒരു സെന്റ് സ്ഥലം വേണമെന്ന നിബന്ധന ഉണ്ടോ ; എങ്കിൽ പ്രസ്തുത വ്യവസ്ഥ കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) 2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം 15 കോഴികളെ വളർത്താൻ ചുരുങ്ങിയത് ഒരു സെന്റ് സ്ഥലം ആവശ്യമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ വ്യവസ്ഥ കർഷകർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) കുറച്ച് സ്ഥലത്ത് , വിവിധ തട്ടുകളിലായി കോഴികളെ വളർത്തി ആഭ്യന്തര ഉൽപാദനം വർദ്ധിപ്പിക്കുന്ന രീതി വ്യാപകമാകുന്ന സാഹചര്യത്തിൽ , മേൽ ചട്ടങ്ങളിൽ മാറ്റം വരുത്തുവാൻ നടപടി സ്വീകരിക്കുമോ ; | ബി) കുറച്ച് സ്ഥലത്ത് വിവിധ തട്ടുകളായി കോഴികളെ വളർത്തുന്ന രീതി(കേജ്സിസ്റ്റം) വാണിജ്യാടിസ്ഥാനത്തിലുള്ള കോഴി വളർത്തലിനാണ് കൂടുതൽ പ്രായോഗികം. എന്നാൽ ഈ രീതി പ്രോത്സാഹിപ്പിക്കാൻ പാടില്ല എന്ന് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം ഉണ്ട്. |
| സി) നിലവിലുള്ള ചട്ടങ്ങൾ പ്രകാരം മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഉറപ്പുവരുത്തുന്നതൊഴികെ ഫാമുകളിൽ മറ്റ് നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ സംസ്ഥാനമലിനീകരണനിയന്ത്രണ ബോർഡിന് അധികാരം നൽകിയിട്ടുണ്ടോ; എങ്കിൽ, എപ്രകാരമെന്ന് വിശദ മാക്കുമോ? | സി) ഒരു ലൈവ്സ്റ്റോക്ക് ഫാം ആരംഭിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചാൽ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾക്കും, ഉചിതമെന്നു കരുതുന്ന മറ്റു നിബന്ധനകൾക്കും വിധേയമായി അനുമതി നൽകാവുന്നതാണ്. എന്നാൽ |

സെക്രട്ടറിയുടെ അഭിപ്രായത്തിൽ പ്രസ്തുത പരിസരത്ത് ഫാം സ്ഥാപിക്കുന്നത്, പരിസര മലിനീകരണമോ, ശല്യമോ, പൊതുജനാരോഗ്യ പ്രശ്നങ്ങളോ ഉണ്ടാകാൻ ഇടയാക്കുമെന്ന കാരണത്താൽ അനുവദനീയമല്ലെന്നു തോന്നുന്നപക്ഷം ജില്ലാ മെഡിക്കൽ ഓഫീസറുടെയോ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ജില്ലാ അധികാരിയുടെയോ പരിശോധന റിപ്പോർട്ട് വാങ്ങി അതു പ്രകാരം അപേക്ഷയിന്മേൽ അനുമതി നൽകുകയോ നിഷേധിക്കുകയോ ചെയ്യാവുന്നതാണ്.

Seela

സെക്ഷൻ ഓഫീസർ